**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1986** **20-06-2024 - ൽ മറുപടിയ്ക്ക്**

**പാലുല്പാദനത്തിൽ സ്വയം പര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ ആകെ ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ അളവ് എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | 2022-23 വർഷത്തെ Economic review-ൽ പ്രസിദ്ധീകരിച്ചത് പ്രകാരം 25.79 ലക്ഷം മെട്രിക് ടൺ പാലാണ് സംസ്ഥാനത്ത് നിലവിൽ ഉത്പാദിപ്പിക്കുന്നത്. |
| (ബി) | നിലവിലെ ആവശ്യകതയുടെ എത്ര ശതമാനം പാൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര ശതമാനം പാൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നുണ്ട് ; ഏതൊക്കെ ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്ര ശതമാനം പാൽ വീതം കൊണ്ടുവരുന്നുണ്ട്; തരംതിരിച്ച് വ്യക്തമാക്കാമോ; | (ബി) | നിലവിൽ കണക്കുകൾ അനുസരിച്ച് ആവശ്യകതയുടെ 78 മുതൽ 80 ശതമാനം വരെ പാൽ സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നുണ്ട്. ഇതര സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നും ക്ഷീരവികസന വകുപ്പിന്റെ മൂന്ന് സ്ഥിരം ചെക്ക്പോസ്റ്റുകൾ വഴി പ്രതിദിനം ശരാശരി 5.5 ലക്ഷം ലിറ്റർ പാൽ കേരളത്തിലേക്ക് കൊണ്ടു വരുന്നുണ്ട്. ക്ഷീര സഹകരണ സ്ഥാപനമായ മിൽമ മാത്രം പ്രതിദിനം 4 ലക്ഷം ലിറ്റർ പാൽ ശരാശരി ഇതര സംസ്ഥാനത്തു നിന്നും കൊണ്ടുവരുന്നുണ്ട്. സഹകരണ സ്ഥാപനമായ മിൽമ കൂടാതെ മറ്റ് സ്വകാര്യ ഡയറികളും ഇതര സംസ്ഥാനത്തുനിന്നും കേരളത്തിലേക്കു ചെക്ക്പോസ്റ്റുകൾ വഴി കൊണ്ടുവരുന്ന പാലിന്റെ അളവ് മാത്രമേ കണക്കിൽ വരുന്നുള്ളൂ.<br><br>2023-24 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം, മിൽമയുടെ ശരാശരി പ്രതിദിന വിൽപന ആവശ്യകതയുടെ 75 ശതമാനത്തോളം പാൽ പ്രതിദിനം മിൽമ സംഭരിക്കുകയും തികയാതെ വരുന്ന ബാക്കി 25 ശതമാനത്തോളം പാൽ കർണാടക, മഹാരാഷ്ട്ര എന്നീ അയൽ സംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുകയുമാണ് ചെയ്യുന്നത്. ഇതിൽ 10 ശതമാനം കർണാടകയിൽ നിന്നും 15 ശതമാനം മഹാരാഷ്ട്രയിൽ നിന്നുമാണ് കൊണ്ടുവരുന്നത്. |
| (സി) | സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ പാലിന്റെ ഉല്പാദനം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര | (സി) | സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ പാലിന്റെ ഉല്പാദനം വർദ്ധിച്ചിട്ടുണ്ട്. ഓരോ വർഷവും |

| | | | |
|---|---|---|---|
| | ശതമാനം വീതം വർദ്ധിച്ചുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; | | ഉണ്ടായ ഉല്പാദന വർദ്ധനവിന്റെ ശതമാനം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | സംസ്ഥാനം പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശവും ആയത് എപ്പോൾ പൂർത്തീകരിച്ച് സ്വയം പര്യാപ്തത കൈവരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്ത് പ്രതിവർഷം പാലിന്റെ ആവശ്യകത നിലവിൽ 33.1 ലക്ഷം മെട്രിക് ടൺ ലിറ്റർ ആണ്. എന്നാൽ പ്രതിവർഷം 25.79 ലക്ഷം മെട്രിക്ക് ടൺ ലിറ്റർ പാൽ മാത്രമാണ് ഇപ്പോൾ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്. പ്രതിവർഷം ഏകദേശം 8 ലക്ഷം മെട്രിക് ടൺ ലിറ്റർ പാലിന്റെ കുറവ് നിലവിലുണ്ട്. ഈ കുറവ് പരിഹരിക്കുന്നതിനും സംസ്ഥാനം പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുമായിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>MSDP- ഉരുക്കളെ വാങ്ങുന്ന പദ്ധതി<br><br>MSDP-കർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഉരുക്കളെ വാങ്ങുന്ന പദ്ധതി<br><br>MSDP-ക്ഷീരഗ്രാമം പദ്ധതി<br><br>MSDP-ക്ഷീരലയം പദ്ധതി<br><br>MSDP- ക്ഷീരതീരം പദ്ധതി<br><br>MSDP-പുതുതലമുറയിലുള്ള ഉരുക്കളെ വളർത്തിയെടുക്കുന്നതിനുള്ള Heifer Park പദ്ധതി.<br><br>മേൽപ്പറഞ്ഞിരിക്കുന്ന പദ്ധതികളെല്ലാം വ്യക്തിഗത ഗുണഭോക്താക്കൾക്കും ഗ്രൂപ്പുകൾക്കും സാങ്കേതിക സാമ്പത്തിക ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതികളാണ്.<br><br>ഉല്പാദന ചിലവ് കുറച്ച് ക്ഷീരവൃത്തി ലാഭത്തിലാക്കുവാൻ തീറ്റപ്പുൽകൃഷി വികസന പദ്ധതി, തരിശുഭൂമിയിൽ തീറ്റപ്പുൽകൃഷി പദ്ധതി, Cattle Feeding subsidy scheme, Distribution of Green Grass, Silage, TMR and other Dried Feed components at subsidised rates to Dairy Farmers through DCS, എന്നീ പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്നു.<br><br>പ്രസ്തുത പദ്ധതികളുടെ കൃത്യമായ നടത്തിപ്പിലൂടെ ഈ പഞ്ചവൽസര പദ്ധതിയുടെ അവസാനത്തോട്ടുകൂടി പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

Annexure I

| MILK PRODUCTION OF KERALA | | |
|---|---|---|
| Year | Milk Production (LMT) | % INCREASE / DECREASE (Based on Previous year) |
| 2012-13 | 27.92 | |
| 2013-14 | 26.55 | -5.16 |
| 2014-15 | 27.11 | 2.07 |
| 2015-16 | 26.49 | -2.34 |
| 2016-17 | 25.20 | -5.12 |
| 2017-18 | 25.76 | 2.17 |
| 2018-19 | 25.49 | -1.06 |
| 2019-20 | 25.42 | -0.28 |
| 2020-21 | 25.34 | -0.32 |
| 2021-22 | 25.32 | -0.08 |
| 2022-23 | 25.80 | 1.86 |